ജന്മഭൂമി

25 August 2017

# കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ കർമ്മപരിപാടി

**കൊച്ചി:** 2022 ഓടു കൂടി വരുമാനം ഇരട്ടിയാക്കുന്നതിന് ഇടനിലക്കാരെ ഒഴിവാക്കിയുള്ള ഓൺലൈൻ വിപണന സംവിധാനങ്ങൾ കർഷകർ പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം. കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ഏഴിന കർമ്മപരിപാടിയിലാണ് ഈ നിർദ്ദേശം. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച കർമ്മപരിപാടിയുടെ ജില്ലാതല പ്രഖ്യാപനവും വിശദീകരണവുമാണ് സിഎംഎഫ്ആർഐയിൽ നടന്നത്.

കേന്ദ്രം ആവിഷ്കരിച്ച കാർഷിക വിപണന സംവിധാനമായ ഇ-നാം പദ്ധതിയിലൂടെ 455 വിപണന കേന്ദ്രങ്ങൾ ബന്ധിപ്പിച്ചിട്ടുണ്ട്. ഏകീകൃത ദേശീയ വിപണിയായ ഇ-നാം ഉപയോഗിക്കുന്നതിലൂടെ ഇടനിലക്കാരിലൂടെയുള്ള നഷ്ടം ഒഴിവാക്കി കർഷകർക്ക് കൂടുതൽ വില ലഭിക്കുമെന്ന് കർമ്മരേഖയിൽ പറയുന്നു. കാർഷിക നഷ്ടങ്ങൾ കുറയ്ക്കുന്നതിനായുള്ള പ്രധാനമന്ത്രി ഫസൽ ഭീമാ യോജന പദ്ധതിയിലൂടെ വായ്പാ ഇൻഷുറൻസ് പരിരക്ഷ എല്ലാ കർഷകരും ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു. വരുമാനം വർധിപ്പിക്കുന്നതിന് കൃഷി ചെലവ് കുറയ്ക്കുന്ന ജൈവകൃഷി പിന്തുടരണമെന്നതാണ് മറ്റൊരു നിർദ്ദേശം.

കൃഷി, പാലുൽപ്പാദനം, കോഴി വളർത്തൽ, തേനീച്ച വളർത്തൽ, മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയുടെ സംയോജിത പ്രവർത്തനപദ്ധതികൾ വരുമാന വർധനവിന് സഹായകരമാകും. സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ച പരിപാടിയിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. പ്രവീൺ പുത്ര കർമ്മപദ്ധതിയുടെ പ്രഖ്യാപനവും വിശദീകരണവും നിർവഹിച്ചു. പ്രൊഫ. കെ.വി. തോമസ് എംപി ഉദ്ഘാടനം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായി. കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ.എൻ. അശ്വതി എന്നിവർ സംസാരിച്ചു.